(ബി&സി) വടക്കഞ്ചേരി സി.എച്ച്.സി.-യിൽ അധിക തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ ഇപ്പോൾ പരിഗണനയിലില്ല. സർക്കാരിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്ന മുറയ്ക്ക് മാത്രമേ ഇക്കാര്യം പരിഗണിക്കാൻ കഴിയൂ. കൂടാതെ സ്പെഷ്യാലിറ്റി യൂണിറ്റുകളോടുകൂടി ചികിത്സാ സൗകര്യം ഏർപ്പെടുത്തുവാൻ സ.ഉ.(സാധാ) നമ്പർ. 1669/14/ ആകുവ തീയതി 26-5-2014 പ്രകാരം അംഗീകാരം ലഭിച്ച 154 ആശുപത്രികളിൽ വടക്കഞ്ചേരി സി.എച്ച്.സി.-യും ഉൾപ്പെട്ടിട്ടുണ്ട്.

പത്തനംതിട്ട ജില്ലയിലെ ഗ്രേഡ് -II നഴ്സുമാരുടെ ഒഴിവുകൾ

64 (6769) ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പത്തനംതിട്ട ജില്ലയിൽ നിലവിൽ സ്റ്റാഫ് നഴ്സ് ഗ്രേഡ് II-ൽ എത്ര ഒഴിവുകൾ ഉണ്ട് എന്ന് വ്യക്തമാക്കുമോ ;

(ബി) പത്തനംതിട്ട ജില്ലയിൽ സ്റ്റാഫ് നഴ്സ് ഗ്രേഡ് II-ന്റെ റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ ;

(സി) പ്രസ്തുത ലിസ്റ്റിൽ നിന്നും നാളിതുവരെ നടത്തിയിട്ടുള്ള നിയമനങ്ങളെ സംബന്ധിച്ച വിശദവിവരങ്ങൾ ലഭ്യമാക്കുമോ ;

(ഡി) ഈ വിഭാഗത്തിന്റെ ജില്ലയിലെ സ്റ്റാഫ് സ്ട്രെങ്ത് എത്രയാണെന്ന് അറിയിക്കുമോ ;

(ഇ) അതിൽ എത്ര പോസ്റ്റുകൾ ഒഴിഞ്ഞുകിടക്കുന്നുവെന്ന് വ്യക്തമാക്കാമോ ;

(എഫ്) പത്തനംതിട്ട ജില്ലാതല ലിസ്റ്റിൽനിന്നും എന്നാണ് അവസാനമായി പ്രൊമോഷൻ നടന്നതെന്ന് വെളിപ്പെടുത്തുമോ ;

(ജി) നാളിതുവരെ എത്ര ഒഴിവുകളിലേക്ക് നിയമനം നടത്താൻ പി.എസ്.സി.-ക്ക് ശുപാർശ ചെയ്തിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(എച്ച്) ഒഴിവുള്ള പോസ്റ്റുകളിലേക്ക് നിലവിലുള്ള റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ ;

(ഐ) ഈ തസ്തികയിൽ ജില്ലയിലുള്ള താൽക്കാലിക നിയമനങ്ങൾ എത്രയെന്ന് അറിയിക്കുമോ ;

(ജെ) നിലവിൽ താൽക്കാലിക ജീവനക്കാരെ നിയമിച്ചിട്ടുള്ള തസ്തികയിലേക്ക് പി.എസ്.സി.വഴി നിയമനം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) പത്തനംതിട്ട ജില്ലയിൽ നിലവിൽ സ്റ്റാഫ് നഴ്സ് ഗ്രേഡ്-II-ന്റെ 5 ഒഴിവുകളാണുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) നിലവിലുണ്ട്.

(സി) പ്രസ്തുത ലിസ്റ്റിൽനിന്നും നാളിതുവരെ 14 പേരെ നിയമിച്ചിട്ടുണ്ട്.

(ഡി) പ്രസ്തുത വിഭാഗത്തിന്റെ പത്തനംതിട്ട ജില്ലയിലെ സ്റ്റാഫ് സ്ട്രെങ്ത് 171 ആണ്.

(ഇ) നിലവിൽ 5 പോസ്റ്റുകൾ ഒഴിഞ്ഞുകിടക്കുന്നു.

(എഫ്) 26-10-2013-ൽ

(ജി) ഒഴിവുകൾ എല്ലാംതന്നെ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നുണ്ട്.

(എച്ച്) പി.എസ്.സി.യിൽനിന്നും നിയമന ശുപാർശ ലഭിക്കുന്ന മുറയ്ക്ക് നിയമനം നൽകുന്നതാണ്.

(ഐ) പത്തനംതിട്ട ജില്ലയിൽ സ്റ്റാഫ് നഴ്സ് ഗ്രേഡ്-II തസ്തികയിൽ 5 പേരാണ് താത്ക്കാലികമായി ജോലി ചെയ്യുന്നത്.

(ജെ) നടപടി സ്വീകരിച്ചിട്ടുണ്ട്.

കണ്ണൂർ ജില്ലയിൽ പാർട്ട് ടൈം സ്വീപ്പർ ഒഴിവുകൾ

65 (6770) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിൽ ആരോഗ്യവകുപ്പിന് കീഴിൽ പാർട്ട്ടൈം സ്വീപ്പർ മാരുടെ എത്ര ഒഴിവുകളുണ്ടെന്നും പ്രസ്തുത ഒഴിവുകൾ ഉണ്ടായ തീയതിസഹിതം സ്ഥാപന അടിസ്ഥാനത്തിൽ വിശദമാക്കാമോ ;

(ബി) പാർട്ട്ടൈം സ്വീപ്പർമാരുടെ ഒഴിവുകൾ നികത്തുന്നതിന് അതത് സമയങ്ങളിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ;

(സി) പ്രസ്തുത ഒഴിവുകൾ നികത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ലെങ്കിൽ കാരണം വിശദമാക്കാമോ ?

ഉത്തരം

(എ) കണ്ണൂർ ജില്ലയിൽ പാർട്ട്ടൈം സ്വീപ്പർമാരുടെ 13 ഒഴിവുകളാണ് നിലവിലുള്ളത്. വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

(ബി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽനിന്നും ലഭിക്കുന്ന ലിസ്റ്റിന്റെ അടിസ്ഥാനത്തിലാണ് പാർട്ട്ടൈം സ്വീപ്പർ തസ്തികയിൽ നിയമനം നടത്തുന്നത്. കണ്ണൂർ ജില്ലയിൽ പാർട്ട്ടൈം സ്വീപ്പറുടെ ഒഴിവുകൾ ഉണ്ടായ മുറയ്ക്ക്, ടി തസ്തികയിൽ നിയമനത്തിനായി പരിഗണിക്കുന്നതിന് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽനിന്നും ഉദ്യോഗാർത്ഥികളുടെ ലിസ്റ്റ് ആവശ്യപ്പെടുകയും ലഭ്യമായതിന്റെ അടിസ്ഥാനത്തിൽ നിയമനനടപടികൾ തുടങ്ങിയിട്ടുമുണ്ട്.

(സി) നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly